6

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.keralamvd.com [ഇ-മെയിൽ - tcoffice@keralamvd.gov.in ]

നമ്പർ. ഡി/16324/റ്റി.സി/2013

തീയ്യതി, 12/7/13

പ്രേഷിതൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്,

എല്ലാ ഡി.റ്റി.സി.മാർക്കും,
എല്ലാ ആർ.ടി.ഓ മാർക്കും,
എല്ലാ ജോയിന്റ് ആർ.ടി.ഓ മാർക്കും.

സർ,

വിഷയം :- *മോട്ടോർ വാഹന വകുപ്പ്*— നിയമലംഘനം നടത്തുന്ന സ്റ്റേജ് ക്യാരേജുകൾ - നിർദ്ദേശങ്ങൾ നൽകുന്നത് സംബന്ധിച്ച്

സൂചന :- ട്രാൻസ്പോർട്ട് കമ്മീഷണറുടെ 12.07.2013-ലെ നിർദ്ദേശം

സംസ്ഥാനത്ത് സർവ്വീസ് നടത്തിക്കൊണ്ടിരിക്കുന്ന സ്റ്റേജ് ക്യാരേജുകൾ നിയമലംഘനം നടത്തുന്നുവെന്ന് കാണിച്ച് ധാരാളം പരാതികൾ വകുപ്പിന് ലഭിച്ചുകൊണ്ടിരിക്കുകയാണ്. ഇത്തരം സ്റ്റേജ് ക്യാരേജുകൾ പരിശോധിക്കണമെന്നും നിയമലംഘനം നടത്തുന്ന ബസ്സുകൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കണമെന്നും അനവധി നിർദ്ദേശങ്ങൾ നൽകിയിട്ടും ബസ്സുകളുടെ നിയമ ലംഘനം നിർബാധം തുടരുകയാണ്. ആയതിനാൽ ഇത്തരം നിയമ ലംഘനങ്ങൾ പൂർണമായും തടയുന്നതിനായി താഴെ പറയുന്ന വിഷയങ്ങളിൽ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

(i) സ്റ്റേജ് ക്യാരേജുകളിൽ Air horn, Multi tonned Horn

(ii) സ്റ്റേജ് ക്യാരേജുകളിലെ ഓഡിയോ, വീഡിയോ ഉപകരണങ്ങൾ.

(iii) സ്പീഡ് ഗവർണർ ഘടിപ്പിക്കാത്തതും, സ്പീഡ് ഗവർണർ ഇളക്കിമാറ്റി സർവ്വീസ് നടത്തുന്ന ബസ്സുകൾ.

(iv) സ്റ്റേജ് ക്യാരേജുകളിൽ ടിക്കറ്റ് നൽകുന്നില്ലാ എന്നുള്ള പരാതികൾ

(v) ടിക്കറ്റിൽ വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ രേഖപ്പെടുത്തുന്നില്ല എന്നുള്ള പരാതികൾ.

(vi) ബസ്സുകളിൽ ബോർഡുകൾ (Destination Boards) നിർദ്ദിഷ്ട മാതൃകയിൽ പ്രദർശിപ്പിക്കുന്നില്ല എന്നുള്ള പരാതികൾ.

(vii) ബസ്സുകളിൽ വികലാംഗർ, വയോജനങ്ങൾ എന്നിവർക്കായി സംവരണം ചെയ്ത സീറ്റുകൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല എന്നും അത് അവർക്ക് ലഭ്യമാകുന്നില്ല എന്നുമുള്ള പരാതികൾ.

(viii) ബസ്സിലെ ജീവനക്കാർക്ക് നിഷ്ക്കർഷിച്ചിട്ടുള്ള യൂണിഫോമും, ബാഡ്ജും ധരിച്ചിട്ടില്ല എന്നുള്ള പരാതികൾ.

(ix) പെർമിറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള റൂട്ട് മാറ്റി ഓടുന്നു എന്നുള്ള പരാതികൾ.

(x) ബസ്സുകളുടെ മത്സരയോട്ടം.

മേൽ പറഞ്ഞ പരാതികളിൽ അന്വേഷണം നടത്തേണ്ടതും കുറ്റക്കാർക്കെതിരെ പെർമിറ്റ് റദ്ദാക്കുന്നതുൾപ്പെടെയുള്ള ശിക്ഷാനടപടികൾ സ്വീകരിക്കേണ്ടതും വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

ട്രാൻസ്പോർട്ട് കമ്മീഷണർ.

പകർപ്പ്: എല്ലാ എൻഫോഴ്സ്മെന്റ് ആർ.ടി.ഓ മാരും മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ വഴി അടിയന്തിരമായി മേൽവിഷയത്തിൽ ചെക്കിംഗ് നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

2518456.
2518746.